


ദൽഹിയിൽ നടന്ന ഇസ്രയേൽവിരുദ്ധ റാലിയിൽ ജമാഅത്ത് നേതാക്കൾക്കൊപ്പം സീതാറാം യെച്ചൂരി

ജമാഅത്തെ ഇസ്‌ലാമിയാണ് ശരി-2

# കമ്യൂണിസ്റ്റുകാർ ഇസ്‌ലാമിസ്റ്റുകൾക്കൊപ്പം

ലേഖനം ● **ഡോ. കൂട്ടിൽ മുഹമ്മദലി**

**ഇടതുപക്ഷത്തിന്റെ** നയനിലപാടുകൾ മുതലാളിത്തത്തെ താങ്ങുന്നതാവരുത്; തടുക്കുന്നതും തകർക്കുന്നതുമാവണം. കമ്യൂണിസ്റ്റുകാർ മുമ്പ് അങ്ങനെയായിരുന്നു. മുതലാളിത്ത വിരോധികൾ, സാമ്രാജ്യത്വവിരുദ്ധർ, ഏഴകൾക്കും തൊഴിലാളികൾക്കും ഒപ്പം നിൽക്കുന്നവർ, മർദിതർക്കും പീഡിതർക്കും വേണ്ടി പോരാടുന്നവർ. ഇന്ന് സ്ഥിതിയാകെ മാറി. തത്ത്വത്തിൽ മുതലാളിത്ത വിരുദ്ധരായിരിക്കെതന്നെ പ്രയോഗത്തിൽ മുതലാളിത്തപരമായിരിക്കുന്നു അവരുടെ സമീപനങ്ങൾ. നടപ്പിലും ഇരിപ്പിലും മാത്രമല്ല അവരുടെ ഹാവഭാവങ്ങളിലും ഈ മാറ്റമുണ്ട്. കട്ടൻചായയും പരിപ്പുവടയും മാത്രമല്ല മാർക്സിസത്തിന്റെ ചിഹ്നങ്ങളും അവരുടെ ജീവിതത്തിൽനിന്ന് അപ്രത്യക്ഷമായിരിക്കുന്നു. ലോകത്തെ മാറ്റിമറിക്കുന്നതിലല്ല, ലോകത്തിനനുസരിച്ച് മാറുന്നതിലാണ് അവർക്കിപ്പോൾ താൽപര്യം. പിണറായി വിജയൻ ഈ മാറ്റത്തിന്റെ കേരളത്തിലെ കൊടിവാഹകനാണ്; വി.എസ് അച്യുതാനന്ദനും വെളിയം ഭാർഗവനും കൊടി പിടിക്കുന്നില്ല; പക്ഷേ, കൂടെ നടക്കാതിരിക്കുന്നില്ല. ഇവർ തമ്മിലുള്ള ഈ ചെറിയ അന്തരത്തിലാണ് കമ്യൂണിസം ഇന്ന് ജീവിച്ചിരിക്കുന്നത്.

വി.എസ് അച്യുതാനന്ദനെ ഒരു കമ്യൂണിസ്റ്റുകാരനെപ്പോലെ ഭരിക്കാൻ ഉമ്മൻ ചാണ്ടിയല്ല, പിണറായി വിജയനാണ് സമ്മതിക്കാതിരിക്കുന്നത്. കോൺഗ്രസല്ല, സ്വന്തം പാർട്ടിയും മന്ത്രിമാരുമാണ് വി.എസ്സിനെ നോക്കുകുത്തിയാക്കിയത്. ഒടുവിൽ അദ്ദേഹം മെരുങ്ങി. അങ്ങനെ അവസാനത്തെ കമ്യൂണിസ്റ്റും കേരളത്തിൽനിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

ജനപക്ഷത്തുനിന്ന് എത്രവേഗമാണ് കമ്യൂണിസ്റ്റുകൾ കൂടുമാറിയത്. കഴിഞ്ഞ പത്തു വർഷത്തിനിടയിൽ കമ്യൂണിസ്റ്റ് പാർട്ടികളും പോഷക സംഘടനകളും മുൻകൈയെടുത്ത് നടത്തിയ ജനകീയ സമരങ്ങളെത്ര? പിന്തുണച്ചില്ലെങ്കിലും അവരെന്തിന് ജനകീയ സമരങ്ങളെ കഴുത്ത് ഞെരിച്ചു കൊല്ലാൻ ശ്രമിച്ചു? കോൺഗ്രസിൽനിന്നും ഇതര വലതുപക്ഷ പ്രസ്ഥാനങ്ങളിൽനിന്നും അവർ വ്യത്യസ്തമായതെവിടെ? കമ്യൂണിസ്റ്റുകാരെങ്ങനെ ചെങ്ങറ സമരത്തിനെതിരായി? കിനാലൂർ സമരത്തിനെതിരായി? ഭൂമി നിഷേധിക്കപ്പെടുന്നവനും കുടിയിറക്കപ്പെടുന്നവനുമെതിരായി? മർദിക്കപ്പെടുന്ന

വർക്കും പീഡിപ്പിക്കപ്പെടുന്നവർക്കുമെതിരായി? ഉത്തരം ലളിതം– അവർക്കിനിയും മുതലാളിത്ത ത്തെയും അത് ഓഫർ ചെയ്യുന്ന സുഖസൗകര്യങ്ങളെയും വർജിക്കാൻ വയ്യ. മാവൂരിലെ സമര സ ഖാവ് കിനാലൂരിലെത്തുമ്പോൾ ബിർലയാകുന്നത് അങ്ങനെയാണ്. ഇത് കേരളത്തിലെ മാത്രം കൗതു കമല്ല, ലോകത്താകമാനം കമ്യൂണിസ്റ്റ് പാർട്ടികൾക്ക് സംഭവിച്ച അപചയമാണ്.

മുതലാളിത്തത്തിനും സാമ്രാജ്യത്വത്തിനുമെതിരായ സമരം ആഗോളതലത്തിൽ ഇന്ന് നയി ക്കുന്നത് കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളല്ല; ഇസ്‌ലാമിക പ്രസ്ഥാനങ്ങളാണ്. സാമ്രാജ്യത്വ ശക്തികളുടെ ഏറ്റവും വലിയ ശത്രുക്കളും അവരാണ്. ഇസ്‌ലാം അതിന്റെ ചരിത്രപരമായ ദൗത്യം വീണ്ടെടുത്തു എന്ന് മാത്രമേ ഇതേക്കുറിച്ച് പറയേണ്ടതുള്ളൂ. ഈ വീണ്ടെടുപ്പിന് ലോകം ഇസ്‌ലാമിക പ്രസ്ഥാ നങ്ങളോടും അവയുടെ നായകന്മാരോടും കടപ്പെട്ടിരിക്കുന്നു. ഈ പ്രസ്ഥാനങ്ങളെയും നായകന്മാ രെയുമാണ് മുതലാളിത്ത സാമ്രാജ്യത്വശക്തികൾ ഊരുവിലക്കി ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്നത്.

മുതലാളിത്ത രാഷ്ട്രങ്ങൾ ഇസ്‌ലാമിനോടും ഇസ്‌ലാമിക പ്രസ്ഥാനങ്ങളോടും സ്വീകരിച്ചിരി ക്കുന്ന സമീപനം ഒരു കാലത്ത് അവർ കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളോട് സ്വീകരിച്ചിരുന്ന സമീപനം തന്നെയാണ്. പടിഞ്ഞാറ് പ്രചരിപ്പിച്ച ഇസ്‌ലാംഭീതിയെ ആര് തിരിച്ചറിഞ്ഞില്ലെങ്കിലും കമ്യൂണിസ്റ്റു കാർ തിരിച്ചറിയേണ്ടതായിരുന്നു. പടിഞ്ഞാറൻ ശബ്ദകോശത്തിലെ തീവ്രവാദത്തിന്റെയും ഭീകര വാദത്തിന്റെയും അർഥങ്ങളും അനർഥങ്ങളും മനസ്സിലാകാത്തതല്ല, തങ്ങളുടെ ഇസ്‌ലാംവിരോധം പടിഞ്ഞാറിൽനിന്ന് വ്യത്യസ്തമല്ലാത്തതാണ് കേരളത്തിലെ കമ്യൂണിസ്റ്റുകാർ ഈ ശബ്ദകോലാ ഹലങ്ങളെ തങ്ങളുടെ നിഘണ്ടുവിൽ ഉൾപ്പെടുത്താൻ കാരണം.

അടിസ്ഥാനപരമായി കമ്യൂണിസ്റ്റുകൾക്ക് ഇസ്‌ലാമിസ്റ്റുകളോട് യോജിക്കാനാവില്ല; ഇസ്‌ലാ മിസ്റ്റുകൾക്ക് കമ്യൂണിസ്റ്റുകളോടും. ഇരു കൂട്ടരുടെയും മൗലിക സിദ്ധാന്തങ്ങൾ അത്രമേൽ വ്യത്യ സ്തമാണ്. എന്നാൽ ഈ വ്യത്യാസം ദൈനംദിന ജീവിതത്തിൽ അവർ അഭിമുഖീകരിക്കുന്ന പൊതു പ്രശ്നങ്ങളെ ഒന്നിച്ചു നേരിടുന്നതിന് തടസ്സമാവരുതായിരുന്നു. തടസ്സമാകുന്നത് അവർക്കല്ല, അവ രുടെ പൊതുശത്രുവിനാണ് ഗുണം ചെയ്യുക. ഈ ഗുണം ഇന്ന് മുതലാളിത്ത സാമ്രാജ്യത്വ ശക്തി കൾ വേണ്ടതിലധികം അനുഭവിക്കുന്നുണ്ട്. ഇതിനുത്തരവാദി ഇസ്‌ലാമിസ്റ്റുകളല്ല; കമ്യൂണിസ്റ്റുക ളാണ്. വരട്ടു തത്ത്വവാദങ്ങളിൽ അഭിരമിക്കുന്നത് അവരാണ്. പ്രായോഗിക ബുദ്ധി അവരുടെ ഖജ നാവിൽ തീരെ ഇല്ല. എന്നാൽ ഇസ്‌ലാമിസ്റ്റുകൾ ഇത് ആവശ്യത്തിന് പ്രകടിപ്പിച്ചിട്ടുണ്ട്. കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളോട് സ്വീകരിച്ചിരുന്ന മുൻകാല സമീപനത്തിൽ അവർ കാതലായ മാറ്റങ്ങൾ വരുത്തി.


അച്യുതാനന്ദൻ


പിണറായി വിജയൻ

ഈ മാറ്റം ലോകാടിസ്ഥാനത്തിൽ പ്രകടമാണ്. ഇതിന്റെ പ്രയോജനം ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കും ലഭിച്ചിട്ടുണ്ട്. ഇത് അംഗീകരിക്കാനുള്ള പിണറായി വിജയന്റെ മടി വസ്തുതാപരമായ തെറ്റ് മാത്രമല്ല, രാഷ്ട്രീയ വങ്കത്തം കൂടിയാണ്.

പിണറായി ഒരുപടി കൂടി മുന്നോട്ടു കടന്ന് ഇപ്പോൾ ഇസ്‌ലാമിക പ്രസ്ഥാനത്തെ ആക്രമിക്കുകയാണ്. മുതലാളിത്തത്തിന്റെയും സാമ്രാജ്യത്വ ശക്തികളുടെയും പതിവ് പദാവലികളാണ് ഇതിനുവേണ്ടി അദ്ദേഹം ഉപയോഗിക്കുന്നത്. ഇസ്‌ലാമിക പ്രസ്ഥാനത്തോടുള്ള വെറുപ്പിലും വിദ്വേഷത്തിലും വർഗീയവാദികളെപ്പോലും അദ്ദേഹം പിന്നിലാക്കുന്നു. എൺപതുകളിലെ ശരീഅത്ത് വിരുദ്ധ സമരത്തിന്റെ വീരസ്മരണകളും ഒരു കമ്യൂണിസ്റ്റിനു തീരെ ചേരാത്ത വർഗീയവികാരങ്ങളും അദ്ദേഹത്തെ ആവേശഭരിതനാക്കുന്നു. ഇവർ വേറെ, നമ്മളാണ് ഒന്ന് എന്ന് അദ്ദേഹം ആരോടൊക്കെയോ വിളിച്ചു പറയുന്നു. ഭാഗ്യവശാൽ എല്ലാ കമ്യൂണിസ്റ്റുകളും ഇത് ഏറ്റുപിടിച്ചിട്ടില്ല. പിണറായി ജമാഅത്തെ ഇസ്‌ലാമിക്ക് ഊരുവിലക്കിയ അതേ ദിവസമാണ് സീതാറാം യെച്ചൂരി ഇസ്രയേലിന്റെ ഗസ്സാ ഉപരോധത്തിനെതിരെ ദൽഹിയിൽ ജമാഅത്ത് നേതാക്കളോടൊപ്പം കൈകോർത്തത്.

അമേരിക്കയെക്കാളും ഇസ്രയേലിനേക്കാളും വർഗീയ ഫാഷിസ്റ്റുശക്തികളെക്കാളും അപകടം പിണറായി ജമാഅത്തെ ഇസ്‌ലാമിയിൽ കണ്ടത് ഏത് കണ്ണുകൊണ്ടാണ്? കമ്യൂണിസ്റ്റ് കണ്ണുകൊണ്ടല്ലെന്ന് തീർച്ച. പിണറായി ജമാഅത്തിനെ ജനാധിപത്യവും ദേശീയതയും പഠിപ്പിക്കുന്നത് ഏത് പാഠപുസ്തകത്തെ അടിസ്ഥാനമാക്കിയാണ്? അറിയപ്പെടുന്ന ഒരു മാർക്സിസ്റ്റ് സൈദ്ധാന്തികനും അങ്ങനെ ഒരു പുസ്തകം രചിച്ചിട്ടില്ല; ഇ.എം.എസ് പോലുമില്ല. കമ്യൂണിസ്റ്റ് പാർട്ടിയുടെ സമഗ്രാധിപത്യത്തെയും തൊഴിലാളി വർഗ സാർവദേശീയതയെയും മാത്രം അംഗീകരിക്കുന്ന കമ്യൂണിസ്റ്റുകൾക്ക്, ദൈവാധിപത്യത്തിലധിഷ്ഠിതമായ ജനാധിപത്യത്തിലും ദേശസ്നേഹം കൈവിടാതെയുള്ള വിശ്വ മാനവികതയിലും വിശ്വസിക്കുന്ന ജമാഅത്തെ ഇസ്‌ലാമിയെ വിമർശിക്കാൻ എന്തധികാരം?

ജമാഅത്തെ ഇസ്‌ലാമിയുടെ വലുപ്പത്തെപ്പറ്റി പിണറായി വിജയനെന്തിനാണ് അസ്വസ്ഥനാകുന്നത്? പിണറായിയുടെ ഉറക്കം കെടുത്താൻ മാത്രം വലുപ്പവും സ്വാധീനവും ജമാഅത്തിനു എങ്ങനെയാണ് കൈവന്നത്? ആദർശവിശുദ്ധി കൊണ്ടും അധ്വാന മികവുകൊണ്ടുമെന്നതാണ് ഉത്തരം. ഒന്നാമത്തേത് ഹമീദ് ചേന്ദമംഗല്ലൂർ വരെ അംഗീകരിച്ചിട്ടുണ്ട്. രണ്ടാമത്തേതിനുള്ള അംഗീകാരം പിറകെ വരും. പിണറായി ആരോപിക്കുന്ന പൊയ്മുഖം അദ്ദേഹം കണ്ണാടി നോക്കിയപ്പോൾ കണ്ടതായിരിക്കണം. കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ മുഖമല്ല പിണറായി നയിക്കുന്ന പാർട്ടിയുടേതെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? ജമാഅത്തെ ഇസ്‌ലാമിക്ക് പൊയ്മുഖത്തിന്റെ ആവശ്യമില്ല. അത് ഒരു തുറന്ന പുസ്തകമാണ്. അഞ്ഞൂറോളം പുസ്തകങ്ങളിലും ആയിരക്കണക്കിന് കർമവേദികളിലും അതിന്റെ മുഖം തുറന്നുവെച്ചിരിക്കുന്നു. സ്വന്തം മുഖം ഇത്രയധികം അനാവരണം ചെയ്ത മറ്റൊരു പ്രസ്ഥാനം ലോകത്ത് തന്നെ വേറെയില്ല. ജമാഅത്തിനെ അതിന്റെ മൗലിക സ്വഭാവത്തിൽ ജനം അറിയരുത് എന്നല്ല; അറിയണം, അറിഞ്ഞേ പറ്റൂ എന്നാണ് ജമാഅത്തിന്റെ നിലപാട്. അതുകൊണ്ടാണ് ഇത്രയധികം പുസ്തകങ്ങൾ, പ്രസിദ്ധീകരണങ്ങൾ, സംവാദങ്ങൾ, സമ്മേളനങ്ങൾ. ജമാഅത്തിനെ ജനാധിപത്യ മര്യാദ പഠിപ്പിക്കാൻ ആർക്കാണർഹത? ജമാഅത്തിന്റെ പ്രസിദ്ധീകരണങ്ങളിലും വേദികളിലും സ്വന്തം അഭിപ്രായം പറയാൻ ഒന്നിലധികം തവണ അവസരം ലഭിച്ചിട്ടില്ലാത്ത എത്ര ബുദ്ധിജീവികളുണ്ടിവിടെ? ജമാഅത്ത് കാണിച്ചത്ര സർഗാത്മകതയും സഹിഷ്ണുതയും മാറ്റാരാണ് കാണിച്ചിട്ടുള്ളത്? വിമർശനത്തെയും സംവാദത്തെയും തരിമ്പും പേടിക്കാത്ത വേറെ ഏത് സംഘടനയുണ്ട് കേരളത്തിൽ?

ജമാഅത്ത് മുന്നോട്ടു വെക്കുന്ന ആശയത്തെ ബൗദ്ധിക തലത്തിലാണ് നേരിടേണ്ടത്. ഗുണ്ടാ സ്റ്റൈലിൽ അതിനെ നേരിടുന്നത് സ്വന്തം ആശയങ്ങളുടെ അവശതയിൽ സംശയമില്ലാത്തതുകൊണ്ടാണ്. ജമാഅത്ത് എതിരാളികളെ വെല്ലുവിളിക്കുന്നത് ആശയബലത്തിലാണ്. സ്വന്തം ആശയങ്ങളുടെ ശരിയിലും ശക്തിയിലും അതിന് സംശയമേതുമില്ല. ചക്രവാളങ്ങളെ അത് പ്രകാശം പരത്തി ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നത് ജമാഅത്തിന് ആവേശവും ആത്മവിശ്വാസവും പകരുന്നു.

സോളിഡാരിറ്റി ജമാഅത്തിന്റെ സുകൃതമാണ്. പുസ്തകങ്ങളിൽ പറഞ്ഞത് ജീവിതത്തിൽ പകർത്താനുള്ള ജമാഅത്തിന്റെ ആത്മാർഥതയാണത്. പ്രവാചകന്റെ മണമുള്ള സദ്വൃത്തികളാണ് സോളിഡാരിറ്റി ചെയ്യുന്നത്. അതിന് സമരം സേവനവും സേവനം സമരവുമാണ്. ഇടതുപക്ഷത്തുനിന്ന് അത് ഒന്നും കടം കൊണ്ടിട്ടില്ല. പ്രവാചകന്മാരുടെയും അനുചരന്മാരുടെയും നാൾവഴികളിലി

ല്ലാത്ത ഒന്നും അത് സ്വീകരിച്ചിട്ടില്ല. പ്രവാചകന്മാർ പ്രബോധനം ചെയ്ത ഇസ്‌ലാമിനെ അത് ആക്ടിവേറ്റ് ചെയ്യുകയാണ്. ഇതിൽ അസൂയപ്പെട്ടിട്ട് കാര്യമില്ല. വിശുദ്ധമായ ആദർശമില്ലാതെ പരിമളം പരത്തുന്ന പ്രവൃത്തികൾ ചെയ്യാനാവില്ല. സ്വന്തം കാലിന്നടിയിലെ പുതുമണ്ണ് സോളിഡാരിറ്റിയിലേക്ക് ചോരുന്നത് തടയാൻ തൽക്കാലം മാർഗമൊന്നുമില്ല. കക്കോടി മോഡൽ ഈ ചോർച്ച വർധിപ്പിക്കുകയേയുള്ളൂ. ആക്രമണങ്ങളെ പുഞ്ചിരിയോടെ നേരിടാൻ ഇസ്‌ലാമിസ്റ്റുകൾക്ക് അനിതരസാധാരണമായ കരുത്തുണ്ട്.

വേണ്ടത് പിണറായിയുടെ നുണ പ്രചാരണമല്ല; കക്കോടിയിലെ ആയുധപ്രയോഗവുമല്ല, കാലത്തെ നിറം പുരട്ടിയ കണ്ണടകളില്ലാതെ നോക്കുകയാണ്, ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ മുൻവിധിയില്ലാതെ വായിക്കുകയാണ്. തങ്ങളുടെയും ഇസ്‌ലാമിസ്റ്റുകളുടെയും ലക്ഷ്യം പൊതുവാകുന്നതും വേർപിരിയുന്നതും എവിടെയൊക്കെയാണെന്ന് കമ്യൂണിസ്റ്റുകാർ കൃത്യമായി മനസ്സിലാക്കണം. വിമർശനത്തിന്റെ പേരിൽ പഴയ ബാലസാഹിത്യം ഉരുവിടുകയല്ല വേണ്ടത്. ഇസ്‌ലാമിക പ്രസ്ഥാനങ്ങളെക്കുറിച്ചുള്ള മുതലാളിത്ത വിമർശനങ്ങൾക്ക് ചുവന്ന മഷി കൊണ്ട് അടിവരയിടുമ്പോൾ ആരെയാണ് തങ്ങൾ സഹായിക്കുന്നതെന്ന് ചിന്തിക്കാൻ അവർക്ക് ബുദ്ധിയുണ്ടാവണം. മുതലാളിത്ത ബുദ്ധിജീവികളിൽ നിന്നും വർഗീയവാദികളിൽ നിന്നും തങ്ങൾ എങ്ങനെ വ്യത്യസ്തരാകുന്നു എന്ന് പരിശോധിക്കാൻ അവർ സന്നദ്ധരാവണം. ഇല്ലെങ്കിൽ അതിന്റെ നഷ്ടം ലോകത്തിനുണ്ടാകും, ലാഭം മുതലാളിത്ത സാമ്രാജ്യത്വ വർഗീയശക്തികൾക്കും. പുനരാലോചന പിണറായിക്ക് പറഞ്ഞതല്ല എന്ന് വാശിപിടിക്കരുത്. വാശി പിടിച്ചാൽ ജമാഅത്തെ ഇസ്‌ലാമിക്ക് എന്തെങ്കിലും ക്ഷീണം സംഭവിക്കുമെന്ന് കരുതേണ്ട; സ്വന്തം പാർട്ടിക്കും അത് യഥാർഥത്തിൽ ഉയർത്തിപ്പിടിക്കേണ്ട ഇമേജിനും സംഭവിക്കാൻ പോകുന്ന സാരമായ പരിക്ക് വിസ്മരിക്കുകയും വേണ്ട. ■

(അവസാനിച്ചു)